**ശ്രദ്ധക്ഷണിക്കൽ**

## 1. വാക്സിൻ അനുവദിക്കൽ

ശ്രീ. പി. നന്ദകുമാർ: സർ, വാക്സിൻ പ്രശ്നത്തിന് പരിഹാരം കാണാൻ യോജിക്കാൻ കഴിയുന്ന സംസ്ഥാനങ്ങളുമായി ചേർന്ന് ഒരു കൂട്ടായ പ്രവർത്തനം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന ശ്രമത്തെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. കോവിഡ് മഹാമാരിക്ക് അല്പം ശമനമുണ്ടായിട്ടുണ്ടെങ്കിലും പൂർണ്ണമായി ആശ്വസിക്കാനുള്ള വകനൽകുന്നില്ല. സംസ്ഥാന സർക്കാർ നല്ലരൂപത്തിൽ ഇടപെടുകയും മാതൃകാപരമായ പ്രവർത്തനം കൃത്യതയോടെ നടത്തുകയും ചെയ്തുകൊണ്ട് വ്യാപനം ഒരളവോളം തടയാനും മരണനിരക്ക് കുറച്ചുനിർത്താനും കഴിഞ്ഞിട്ടുണ്ട്. കേരളം മറ്റു സംസ്ഥാനങ്ങളിൽനിന്നും പലതുകൊണ്ടും വ്യത്യസ്ഥമാണ്. ജനസാന്ദ്രത, മെച്ചപ്പെട്ട ആരോഗ്യമേഖല ഉള്ളതുകൊണ്ട് ആയുർദൈർഘ്യം എന്നാൽ അതോടൊപ്പം ജീവിതശൈലി രോഗങ്ങളും കേരളത്തിൽ കൂടുതലാണ്. ഡയബറ്റീസ് രോഗികൾ കൂടുതൽ കേരളത്തിലാണ്. പ്രായമായ 40.6% പുരുഷൻമാരിലും 50.5% സ്ത്രീകളിലും ഹൈപ്പർടെൻഷൻ രോഗം പിടിപെട്ടിട്ടുണ്ട്. കേരളത്തിൽ ജീവിതശൈലി രോഗംമൂലമുള്ള മരണനിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. അതുകൊണ്ട്

കേരളത്തിൽ കൂടുതൽ വാക്സിനേഷൻ ലഭിക്കുന്നതിന് പ്രത്യേക പരിഗണന വേണ്ടതാണ്. കേന്ദ്രസർക്കാർ അർഹതപ്പെട്ട ക്വാട്ടപോലും നമുക്ക് നൽകുന്നില്ല. കേന്ദ്രസർക്കാരിന്റെ വാക്സിൻ ഉൽപ്പാദനവും വിതരണവും സംബന്ധിച്ച് നയം വികലവും ദീർഘവീക്ഷണമില്ലാത്തതുമാണ്. പൊതുമേഖാ സ്ഥാപനങ്ങളെ തഴഞ്ഞിരിക്കുകയാണ്. ലോകത്തിലെ എല്ലാ പ്രധാന രാഷ്ട്രങ്ങളിലും കേന്ദ്രസർക്കാരുകളാണ് വാക്സിനേഷന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നത്. മോദി സർക്കാർ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കാതെ, സംസ്ഥാന സർക്കാരുകളുടെ തലയിൽ വച്ചുകെട്ടുകയാണിപ്പോൾ. വാക്സിനേഷൻ നൽകുന്നതിൽ വളരെ കുറഞ്ഞ നിരക്കാണ് ഇന്ത്യയിലുള്ളത്. മിക്ക പ്രമുഖ രാജ്യങ്ങളിലും ജനസംഖ്യയുടെ 50% വരെ ഒന്നാം ഡോസും 40% വരെ രണ്ടാം ഡോസും വക്സിനേഷൻ നൽകിയപ്പോൾ ഇന്ത്യയിൽ 12 ശതമാനവും 3 ശതമാനവും മാത്രമാണ് വാക്സിനേഷൻ നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീം കോടതിയും കേരള ഹൈക്കോടതി അടക്കമുള്ള നിരവധി കോടതികളും കേന്ദ്രസർക്കാരിന്റെ വാക്സിൻ നയത്തെ ശക്തമായി വിമർശിച്ചതാണ്. കേരളത്തിലെ ജനസംഖ്യയുടെ 40 ലക്ഷത്തിലധികംപേർ കേരളത്തിന് പുറത്ത് ജോലിചെയ്യുന്നവരാണ്. അവർക്ക് യഥാസമയം വാക്സിൻ കിട്ടാത്തതുകൊണ്ട് ജോലി സംബന്ധമായ ബുദ്ധിമുട്ട്

ഉണ്ടാകുന്നുണ്ട്. കേരളത്തിന്റെ ക്വാട്ട അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃത്യമായി നൽകുകയും വേണം. സഭയുടെ വികാരം ഇതിനായി ഉണരണമെന്നാണ് എന്റെ അഭിപ്രായം. മറ്റൊരുകാര്യം ചൂണ്ടിക്കാണിക്കുകയാണ് കേരളത്തിൽ സർവ്വസജ്ജമായ ഒരു സംവിധാനമുള്ളതുകൊണ്ട് കേരളത്തിന്റെ വാക്സിൻ വേസ്റ്റേജ് 0% മാത്രമാണ്. ഛത്തീസ്ഗഢിൽ 30.2 ശതമാനവും പഞ്ചാബിൽ 8 ശതമാനവുമാണ്. കേന്ദ്രംപോലും ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രകീർത്തിച്ചതാണ്. അവസാനമായി ഒരുകാര്യം ചൂണ്ടികാണിക്കുകയാണ്, മലപ്പുറം ജില്ലയിൽ 45 ലക്ഷത്തോളം ജനസംഖ്യയുണ്ട്. വലിയതോതിൽ കോവിഡ് വ്യാപനവുമുണ്ട്. ജില്ലയ്ക്ക് കൂടുതൽ വാക്സിൻ ലഭിക്കാത്തതിൽ പരാതിയുണ്ട്. കേരളത്തിന് ആവശ്യമായ വാക്സിൻ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവിഡ് പ്രതിരോധ വാക്സിൻ എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അസന്നിഗ്ദ്ധമായ അഭിപ്രായം. ഈ നയം ഒന്നിലധികം തവണ വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിനെ ഈ അഭിപ്രായം വളരെ ശക്തമായിത്തന്നെ അറിയിച്ചിട്ടുള്ളതുമാണ്. പൊതുജനങ്ങളുമായി കൂടുതൽ

സമ്പർക്കം പുലർത്തേണ്ടിവരുന്ന ജനവിഭാഗങ്ങൾക്ക് വാക്സിൻ നൽകുന്നതിന് മുൻഗണന നൽകുന്നുണ്ട്. സംസ്ഥാനത്തിന് ലഭിച്ച വാക്സിൻ ഒട്ടും പാഴാക്കാതെ (സീറോ വേസ്റ്റേജ്) ഉപയോഗപ്പെടുത്തിയതിനെ കേന്ദ്രസർക്കാർ പ്രത്യേകമായി പരാമർശിച്ചത് ബഹുമാനപ്പെട്ട അംഗംതന്നെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കോവിഡ് പ്രതിരോധ വാക്സിൻ പൊതുനന്മയെക്കരുതി എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയതലത്തിൽ കോവിഡ് മഹാമാരിക്കെതിരെ സാമൂഹ്യപ്രതിരോധം കെട്ടിപ്പടുക്കാൻ ഏറ്റവും നല്ല മാർഗ്ഗം സാർവ്വത്രികമായ പ്രതിരോധ കുത്തിവയ്പ്പാണ്. സംസ്ഥാനം 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാക്സിനും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഓർഡർ നൽകിയിട്ടുണ്ട്. സംസ്ഥാനം വാക്സിൻ ലഭ്യമാക്കാൻ ആഗോള ടെണ്ടർ വിളിക്കുന്ന കാര്യത്തിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനാണ് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്. അതിനാൽത്തന്നെ സംസ്ഥാനങ്ങളുടെ മൊത്തം ആവശ്യം കണക്കിലെടുത്ത് മതിയായ അളവിൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ നടപടികൾ സ്വീകരിക്കണമെന്ന് 2021 മേയ് 24-ന്

ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾ പ്രത്യേകം പ്രത്യേകമായി കമ്പോളത്തിൽ മത്സരിക്കുന്ന അവസ്ഥ സംജാതമായാൽ അത് വാക്സിന്റെ വില വർദ്ധിക്കാനിടയാകുമെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾ പ്രത്യേകം പ്രത്യേകമായി കമ്പോളത്തിൽ മത്സരിക്കുന്ന അവസ്ഥ സംജാതമായാൽ വാക്സിന്റെ വില വർദ്ധിക്കാൻ ഇടയാകുമെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കേരളം ഉന്നയിച്ച ഈ ആവശ്യത്തെ പിന്തുണയ്ക്കണമെന്നാവശ്യപ്പെട്ട് ആന്ധ്രപ്രദേശ്, തെലുങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര, ഡെൽഹി, രാജസ്ഥാൻ, പഞ്ചാബ്, പശ്ചിമബംഗാൾ, ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡീഷ എന്നീ സംസ്ഥാന മുഖ്യമന്ത്രിമാർക്ക് മേയ് 29-ന് കത്തയച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ വാക്സിൻ സംസ്ഥാനങ്ങളുടെ ആവശ്യാനുസരണം സൗജന്യമായി ലഭ്യമാക്കണമെന്ന വാദഗതി ശക്തമായിത്തന്നെ കേരളം ഉന്നയിക്കുന്നുണ്ട്. ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനുമേൽ കേരളം നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതിന് ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ മാസം കേന്ദ്രം തരുന്ന, 45 വയസ്സിന് മുകളിലുള്ളവർക്ക് നൽകുന്ന വാക്സിൻ, കോവിഷീൽഡ്- 24,50,410 ഡോസ്, കോവാക്സിൻ- 3,93,890 ഡോസ് ഉൾപ്പെടെ ആകെ 28,44,300 ഡോസ് വാക്സിൻ ഈ മാസം നമുക്ക് ലഭ്യമാകാൻ

പോവുകയാണ്. അതുപോലെ സംസ്ഥാനം നേരിട്ട് വാങ്ങുന്നത്, കോവിഷീൽഡ് - 6,93,670, കോവാക്സിൻ- 1,32,960 ഡോസ് ഉൾപ്പെടെ ആകെ 8,26,630 ഡോസാണ്. കേരളത്തിൽ ഇതുവരെയുള്ള കണക്ക് പരിശോധിച്ചാൽ 94,02,355 ഡോസ് വാക്സിൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഫസ്റ്റ് ഡോസും സെക്കന്റ് ഡോസുമുണ്ട്. രണ്ടിന്റെയും കണക്ക് എന്റെ കൈവശമുണ്ട്. അത് ഞാൻ വിശദമായി പറയാതിരിക്കുന്നതാണ്. ഈ മാസം കഴിയുന്നതോടെ ഫസ്റ്റ് ഡോസ് 1,06,33,914 പേർക്കും സെക്കന്റ് ഡോസ് 3,53,937 പേർക്കും നൽകാനാകും. അങ്ങനെ ആകെ 1,41,73,285 ഡോസ് ഈ മാസത്തോടെ നമുക്ക് നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, 18 മുതൽ 45 വയസ്സ് വരെ പ്രായമായവർക്കുള്ള വാക്സിൻ സൗജന്യമായി കേന്ദ്രം നൽകുന്നതിന് കൂട്ടായ ശ്രമം നടത്തുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് സബ്മിഷൻ കൊടുത്തിരുന്നു. അങ്ങ് സംസ്ഥാനത്ത് ലഭിക്കുന്ന വാക്സിനുകളുടെ കണക്ക് പറഞ്ഞു. അതിന് ആനുപാതികമായി നമ്മുടെ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെയുള്ള മലപ്പുറം ജില്ലയിലെ അംഗങ്ങൾ അങ്ങയെ വന്ന്

കാണുകയുണ്ടായി. മലപ്പുറം ജില്ലയിൽ 42,72,090 ജനസംഖ്യയുള്ളിടത്ത് 7,00,000 വാക്സിൻ മാത്രമാണ് കൊടുത്തത്. അതായത് 16.25 ശതമാനം വരും. പത്തനംതിട്ട - 43 ശതമാനം, തിരുവനന്തപുരം - 32 ശതമാനം, വയനാട് - 37 ശതമാനം എന്ന നിലയിലാണ് കൊടുത്തിട്ടുള്ളത്. ഇവിടെയെല്ലാം വാക്സിൻ കൊടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ 16 ശതമാനത്തോളം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ എവിടെയാണ് വീഴ്ച വന്നത്; എന്തുകൊണ്ടാണ് സംഭവിച്ചത്; തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണം. ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയിലും വാക്സിനുകൾ നൽകാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, സത്യവിരുദ്ധമായ ഒരു പ്രസ്താവനയാണിതെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. മലപ്പുറം ജില്ലയിൽ 16 ശതമാനം വാക്സിൻ കൊടുത്തു എന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, അങ്ങ് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, പരിശോധിക്കുകയല്ല. ഞാൻ കണക്കാണ് പറയാൻ പോകുന്നത്. 31.05.2021 വരെയുള്ള കണക്കാണ് എന്റെ കയ്യിലുള്ളത്.

അതിൽ ഫസ്റ്റ് ഡോസ് കൊടുത്തതിന്റെ കണക്ക് പരിശോധിച്ചാൽ, ആലപ്പുഴ – 52 ശതമാനം, എറണാകുളം - 55, ഇടുക്കി - 52 ശതമാനം, കണ്ണൂർ - 47 ശതമാനം, കാസർഗോഡ് - 78 ശതമാനം, കൊല്ലം - 52 ശതമാനം, കോട്ടയം - 54 ശതമാനം, കോഴിക്കോട് - 52 ശതമാനം, മലപ്പുറം - 42 ശതമാനം, പാലക്കാട് - 44 ശതമാനം, പത്തനംതിട്ട - 63 ശതമാനം, തിരുവനന്തപുരം - 57 ശതമാനം, തൃശ്ശൂർ - 52 ശതമാനം, വയനാട് - 77 ശതമാനം എന്നിങ്ങനെയാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, അതിൽ ഏറ്റവും കുറവ് മലപ്പുറം ജില്ലയിലാണ്.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് വാക്സിൻ കൊടുത്തത് കുറഞ്ഞുപോയിയെന്നല്ല 16 ശതമാനം മാത്രമേ കൊടുത്തുള്ളൂ എന്നാണ് പറഞ്ഞത്. അതാണ് ഞാൻ ചോദ്യം ചെയ്തത്. അത്തരത്തിൽ സത്യവിരുദ്ധമായ പ്രസ്താവന നടത്തി ആളുകളെ തെറ്റിദ്ധരിപ്പിക്കുവാൻ പാടില്ല.

ശ്രീ. എ. പി. അനിൽകുമാർ: സർ, ആരോഗ്യവകുപ്പിൽ നിന്നും ലഭിച്ച കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഏത് കണക്കാണ് പറയുന്നതെന്ന് എനിക്കറിയില്ല. ഔദ്യോഗികമായ കണക്കാണ് ഞാൻ പറഞ്ഞത്. 45 വയസ്സിന്

മുകളിലുള്ളവരുടെ ആകെ എണ്ണം പരിശോധിച്ചാലും അങ്ങ് പറഞ്ഞതുപോലുള്ള കുറവ് കാണാൻ സാധിക്കുന്നില്ല. നിങ്ങൾ പറഞ്ഞ 16 ശതമാനത്തിന്റെ കണക്ക് ഒരു തരത്തിലും വരുന്നില്ല. ഇത്തരത്തിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കുറവ് വന്നത് സ്വാഭാവികമായും പരിഹരിക്കപ്പെടും. ഈ പറയുന്ന ഘട്ടത്തിൽ അതടക്കം പരിഹരിച്ചുകൊണ്ട് വാക്സിൻ കൊടുക്കുന്ന നിലയാണുള്ളത്. എന്താണ് സംഭവിച്ചതെന്ന് അവിടെ അന്വേഷിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## 2. കടമ്പ്രയാർ നദിയിലെ മലിനീകരണം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലേയും ആലുവ, കളമശ്ശേരി, കുന്നത്തുനാട്, തൃപ്പൂണിത്തുറ, എറണാകുളം അസംബ്ലി മണ്ഡലത്തിലേയും വാട്ടർ ബോഡിയുമായി ചേർന്നു കിടക്കുന്ന കടമ്പ്രയാർ നദി വൻതോതിൽ മലിനീകരണപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി കിഴക്കമ്പലത്തു പ്രവർത്തിക്കുന്ന കിറ്റക്സ് ഗാർമന്റ്സ് കമ്പനിയിൽ നിന്നും പുറന്തള്ളുന്ന രാസമാലിന്യം കടമ്പ്രയാറിലും പെരിയാർ കനാലിലും സമീപത്തുള്ള കിണറുകളിലും കുളങ്ങളിലും വലിയ തോതിൽ മാലിന്യത്തിനും അതുവഴി ജനങ്ങളുടെ ജീവിതത്തിനും ഭീഷണിയായിത്തീർന്നിരിക്കുകയാണ്. കിറ്റക്സ് ഗാർമന്റ്സ്

പുറന്തള്ളുന്ന ടെക്സ്റ്റൈൽസ് മാലിന്യം പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്നതാണ്. ലോകത്ത് പരിസ്ഥിതിക്ക് ഭീഷണിയായി രാസമാലിന്യങ്ങൾ പുറത്തുവിടുന്ന വ്യവസായങ്ങളിൽ ഒന്നാമത്തേത് ടെക്സ്റ്റൈൽസ് ഉത്പാദന യൂണിറ്റുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയുടേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും ഉത്തരവിനെത്തുടർന്ന് അടച്ചുപൂട്ടിയ, തിരുപ്പൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 150-ൽ പരം ബ്ലീച്ചിംഗ്, ഡൈയിംഗ് യൂണിറ്റുകളിൽ കിറ്റക്സ് ഗാർമെന്റ്സ് നടത്തിയിരുന്ന ചിലത് കേരള ഗവൺമെന്റിന്റെ അനുമതി ഉണ്ടോയെന്നുപോലും സംശയിക്കുന്ന രീതിയിൽ ഇവിടെക്കൊണ്ടുവന്ന് പ്രവർത്തിപ്പിക്കുകയാണ്. എന്നുമാത്രമല്ല തിരുപ്പൂരിൽ അടച്ചുപൂട്ടിയ നൂറ് കണക്കിന് ബ്ലീച്ചിംഗ്, ഡൈയിംഗ് യൂണിറ്റുകൾ ഉപയോഗപ്പെടുത്തിയിരുന്ന സൗത്ത് ഇന്ത്യയിലെ ഡസൺ കണക്കിന് ടെക്സ്റ്റൈൽ മില്ലുകളുടെ ലോറികൾ കിഴക്കമ്പലത്തുകൊണ്ടുവന്ന് ബ്ലീച്ചിംഗും ഡൈയിംഗും നടത്തുകയാണ്. ആധുനിക മാലിന്യസംസ്കരണ പ്ലാന്റില്ലാതെയാണ് കിഴക്കമ്പലം കമ്പനി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു ദിവസം പത്തുലക്ഷം ലിറ്റർ ഭൂഗർഭജലമാണ് ഇവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ നിയമങ്ങളും ലംഘിച്ച് കമ്പനി ഭൂഗർഭജലം ഊറ്റിയെടുക്കുകയാണ്. ഈ ഗുരുതരമായ വിഷയം

ഉയർത്തി ജനങ്ങൾ സമരം ആരംഭിച്ചപ്പോൾ അതിനെ കമ്പനി നേരിട്ടത് 20-20 എന്ന സംഘടന രൂപീകരിച്ച് പൊല്യൂഷന് നോട്ടീസ് നൽകിയ പഞ്ചായത്ത് കമ്മറ്റി പിടിച്ചെടുത്തുകൊണ്ടായിരുന്നു. വസ്ത്രങ്ങൾക്ക് നിറം കൊടുക്കുന്ന രാസ പദാർത്ഥങ്ങളിൽ നിന്നുള്ള മാലിന്യമാണ് അതിൽ ഏറ്റവും ഗുരുതരം. വെള്ളത്തിന്റെ സ്വാഭാവിക ഘടനയെ അപകടകരമായി പരിവർത്തിപ്പിക്കുന്ന രാസമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനാകാത്തവയാണ്. ടെക്സ്റ്റൈൽസ് മാലിന്യ സംസ്കരണത്തിന് ഇപ്പോഴുള്ള അത്യാധുനിക സംവിധാനങ്ങൾ പോലും ഫലപ്രദമല്ലെന്നാണ് പഠനങ്ങൾ പറയുന്നത്. Common method of waste disposal facility ഈ കമ്പനിയിൽ ഇല്ല. രാസമാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന കമ്പനികൾ ആദ്യം സുരക്ഷിതമായ ടാങ്കുകളിൽ ശേഖരിച്ച് അതിലെ ദോഷകരമായ ഘടകങ്ങൾ വേർതിരിക്കുന്നതിന് അനുയോജ്യമായ coagulants ചേർത്ത് precipitate ചെയ്ത് അരിച്ച് മാറ്റുകയും അപകടകരമായവയുണ്ടെങ്കിൽ അവ പ്രത്യേകമായി സംസ്കരിക്കുകയും ഉപയോഗയോഗ്യമാക്കി മാറ്റുകയുമാണ് വേണ്ടത്. ആധുനിക രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനം അവർ ഉപയോഗിക്കുന്നില്ല. നിർമ്മാർജ്ജനം ചെയ്ത് സംസ്കരിച്ച മാലിന്യങ്ങൾ ജല സ്രോതസ്സുകളിലും കൃഷിഭൂമിയിലും തള്ളുകയാണ്. ഡിസ്പോസ് ചെയ്യുന്നതിനുള്ള നിബന്ധന

പാലിക്കപ്പെടുന്നില്ല. മലിനജല ശുദ്ധീകരണത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. Reverse osmosis സ്ഥാപിക്കുന്നതിനു മുൻപ് aeration, carbon filtration, pressure, sand filtration തുടങ്ങിയവ ഫലപ്രദമായി നടത്തിയതിനുശേഷം മാത്രമേ reverse osmosis system ചെയ്യാൻ കഴിയൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതുപോലെ ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി അടക്കം എറണാകുളം സിറ്റിയുടെ ഏറ്റവും സുപ്രധാനമായ മേഖലയിലെ ജലസ്രോതസ്സുകളിൽ ഏറ്റവും ഗുരുതരമായ, നൂറുകണക്കിന് വർഷങ്ങൾ കഴിഞ്ഞാലും പരിഹരിക്കപ്പെടാൻ കഴിയാത്ത മാലിന്യങ്ങൾ ഈ കമ്പനിയിൽ നിന്നും പുറന്തള്ളുന്നതുമൂലം കടമ്പ്രയാർ എന്ന് പറയുന്ന എന്റെ മണ്ഡലത്തിലെ നദി എന്നന്നേയ്ക്കുമായി മരിക്കുകയാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം കടമ്പ്രയാർ നദിയുടെ പ്രശ്നമാണ് ആദ്യം ഉന്നയിക്കുന്നതായി മനസ്സിലാക്കിയത്. രാജ്യത്തെ മലിനീകരണപ്പെട്ട നദികളുടെ പട്ടികയിൽ പ്രയോറിറ്റി-4 വിഭാഗത്തിലാണ് കടമ്പ്രയാർ നദി ഉൾപ്പെടുന്നത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ

ഉത്തരവിനെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദിയുടെ പുനരുജ്ജീവനത്തിനായി കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കിവരികയാണ്. ഇതിന്റെ പുരോഗതി ഇതിനായി രൂപീകരിച്ച സമിതി വിലയിരുത്തുന്നുണ്ട്. സ്വീവേജ് മാലിന്യവും ഖരമാലിന്യവും ബ്രഹ്മപുരം പ്ലാന്റിൽനിന്നുള്ള ദ്രാവകങ്ങളുമാണ് നദിയുടെ മലിനീകരണത്തിന് പ്രധാന കാരണം. നദിയിൽ നിന്നും എല്ലാ മാസവും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചുവരുന്നു. പുഴയിൽ അലിഞ്ഞുചേർന്നിട്ടുള്ള ഓക്സിജന്റെ അളവ് കുറവായി കാണുന്നു. കൂടാതെ കോളിഫോം അളവും കൂടുതലായി കാണുന്നുണ്ട്. സമീപത്തെ ഫ്ലാറ്റ് സമുച്ചയങ്ങൾ, ഹോട്ടലുകൾ എന്നിവയിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. പുഴയുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലും ഇടവിട്ടുള്ള പരിശോധന നടത്തിവരുന്നു. ബഹുമാന്യനായ അംഗം ഒരു പ്രത്യേക കമ്പനിയെക്കുറിച്ച് പ്രത്യേകമായിട്ടുതന്നെ പരാമർശിച്ചിട്ടുണ്ട്. അതിന് പ്രത്യേക കാരണങ്ങളുണ്ടാകാം. ഏതായാലും നിയമലംഘനമുണ്ടോ എന്നുള്ളത് നമുക്ക് പരിശോധിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. എം. എസ് അശോകന്റെ "ശവക്കച്ച തുന്നുന്ന പണാധിപത്യം" എന്ന പരമ്പര അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. കാരണം

അത് ചെയ്തത് ദേശാഭിമാനിയാണ്. അതിനകത്ത് "നണയിൽ പൊതിഞ്ഞ കോർപ്പറേറ്റ് വിഷം കടമ്പ്രയാറിനെ നശിപ്പിക്കുന്നു" എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ലേഖനം കാണാതിരിക്കാൻ വഴിയില്ല. വളരെ ഗുരുതരമായ ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ; ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതുവരെ കമ്പനിയുടെ ഇത്തരം പ്രവർത്തനം നിർത്തിവയ്ക്കാനും മികച്ച പ്ലാന്റ് സ്ഥാപിച്ചശേഷമേ അത് തുടരാവൂ എന്നും പ്ലാച്ചിമടയ്ക്ക് തുല്യമായ, ജലം ഊറ്റിയെടുക്കുന്ന (ഒരു ദിവസം 10 ലക്ഷം ലിറ്റർ ജലം) നടപടി സംബന്ധിച്ച് അന്വേഷണം നടത്തുകയും ചെയ്യുമോയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അദ്ദേഹത്തിന്റെ വികാരം എനിക്ക് മനസ്സിലാക്കാൻ കഴിയും. അതിനെല്ലാം ഞാൻ ഇപ്പോൾ മറുപടി പറഞ്ഞാൽ ശരിയാകുമെന്ന് തോന്നുന്നില്ല. ഈ കമ്പനിയുടെ കാര്യത്തിൽ എന്തെങ്കിലും നിയമലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഉചിതമായ നടപടിയെടുക്കും.